(ഡി) പീക്ക് ലോഡ് സമയത്ത് ആവശ്യമായ വൈദ്യുതി പ്രേഷണം ചെയ്യത്തക്കവിധം ഉപകരണങ്ങൾക്കും, ലൈനുകൾക്കും ശേഷി ഇല്ലാത്തതു മൂലമാണ് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടി വരുന്നത്. ഉപകരണങ്ങളും, ലൈനുകളും, പീക്ക്-ലോഡ് സമയത്തെ വൈദ്യുതി വഹിക്കത്തക്ക വണ്ണം ശേഷി വർദ്ധിപ്പിക്കൽ, പുതിയ അഞ്ച് സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കൽ മുതലായ ജോലികൾ നടന്നു വരുന്നു. ഇവ പൂർത്തിയാകുന്നതോടെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാവുന്നതാണ്.

കനേഡിയൻ ഉദ്യോഗസ്ഥരുടെ ആവശ്യത്തിന് വീട്ടുപകരണങ്ങൾ വാങ്ങിയ നടപടി

103 (270) ശ്രീ. എ. കെ .മണി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ ജലവൈദ്യുതി പദ്ധതികളുടെ പുനരുദ്ധാരണത്തിൽ ഏർപ്പെട്ടിരിക്കുന്ന കനേഡിയൻ ഉദ്യോഗസ്ഥർക്ക് കെ.എസ്.ഇ.ബി.യിൽ നിന്നും ഫർണിച്ചർ മുതലായ വീട്ടുപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തു തുക ചെലവായി എന്നു പറയുമോ;

(സി) ഇതു സംബന്ധിച്ച് ഉയർന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു പറയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 5,21,262.45 രൂപയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

(സി) പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, ജല വൈദ്യുതി പദ്ധതികളുടെ പുനരുദ്ധാരണത്തിൽ ഏർപ്പെട്ടിരിക്കുന്ന കനേഡിയൻ ഉദ്യോഗസ്ഥർക്ക് കരാറിൻ പ്രകാരമുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള ചുമതല വൈദ്യുതി ബോർഡിനുണ്ട്. വാങ്ങിയ സാധനങ്ങൾ കരാറിൻപ്രകാരമാണോ വാങ്ങിയതെന്ന് പരിശോധിച്ചതിനു ശേഷമാണ് തുക നല്കുന്നത് എന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്.

കെ.എസ്.ഇ.ബി.യിൽ എഞ്ചിനീയർമാരുടെ പുതിയ തസ്തികകൾ

104 (271) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ പുന:സംഘടനയുടെ പേരിൽ 1998 നവംബർ 1-ന് ശേഷം ഇലക്ട്രിക്കൽ വിഭാഗത്തിൽ പുതിയ എത്ര ചീഫ് എഞ്ചിനീയർമാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നിയമനങ്ങൾ സർക്കാരിന്റെ അംഗീകാരത്തോടെയായിരുന്നോ;

(സി) സർക്കാരിന്റെ അംഗീകാരം വാങ്ങാതെ പുതിയ ചീഫ് എഞ്ചിനീയർമാരുടെ തസ്തികകൾ സൃഷ്ടിക്കാനും നിയമനം നടത്താനും ബോർഡിനധികാരമുണ്ടോ; നിയമനത്തിന് ശേഷം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് കെ.എസ്.ഇ.ബി സർക്കാരിന് അയച്ച ഫയൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ഡി) ഇലക്ട്രിസിറ്റി ബോർഡിൽ ട്രാൻസ്മിഷൻ വിഭാഗത്തിൽ 5 പുതിയ സർക്കിളുകൾ, 5 ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ കീഴിൽ തുടങ്ങുവാൻ ചീഫ് എഞ്ചിനീയർ നൽകിയ ശുപാർശയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) കെ.എസ്.ഇ.ബി.യുടെ മെമ്പർ (ധനകാര്യം) ഈ നിർദ്ദേശങ്ങൾ നിരസിക്കാൻ ചൂണ്ടിക്കാട്ടിയ കാരണങ്ങൾ എന്തെല്ലാമാണ് ;

(എഫ്) ഇപ്പോൾ ഇതു സംബന്ധിച്ച് ബോർഡിന്റെ പരിഗണനയിലുള്ള പുതിയ നിർദ്ദേശങ്ങൾ എന്തെല്ലാം; ട്രാൻസ്മിഷൻ വിഭാഗത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നിർദ്ദേശങ്ങൾ നൽകാൻ ചീഫ് എഞ്ചിനീയർക്ക് ഏത് ചട്ടപ്രകാരമാണ് അധികാരം നൽകിയിട്ടുള്ളത്; ഇലക്ട്രിക്കൽ വിഭാഗത്തിൽ ഇത്തരത്തിൽ എഞ്ചിനീയർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന്റെ ആവശ്യകത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇതിൻമേൽ സർക്കാരിന്റെ നിലപാട് വിശദീകരിക്കുമോ ?

ഉത്തരം

(എ) പുന:സംഘടനയുടെ പേരിൽ വൈദ്യുതി ബോർഡിൽ ചീഫ് എഞ്ചിനീയർ തസ്തിക സൃഷ്ടിച്ചിട്ടില്ല. എന്നാൽ പുന:സംഘടനയെ തുടർന്ന് ബോർഡിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി ഇലക്ട്രിക്കലോ സിവിലോ എന്നു നോക്കാതെ ഒരു ചീഫ് എഞ്ചിനീയറുടെ തസ്തിക താൽകാലികമായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി)& (സി) ബോർഡിൽ 17 ചീഫ് എഞ്ചിനീയർ തസ്തികകളാണുള്ളത്. പുതിയ തസ്തിക സൃഷ്ടിക്കാതെ, പുന:സംഘടനക്ക് അനുസൃതമായി നിയമനം നടത്താൻ സർക്കാർ അനുമതി നൽകിയിട്ടുള്ളതു കൊണ്ട് നിലവിലുള്ള 17 (പതിനേഴ്) ചീഫ് എഞ്ചിനീയർ തസ്തികകളിലും പുന:സംഘടനയ്ക്ക് അനുസൃതമായി നിയമനം നടത്താൻ ബോർഡിനധികാരമുണ്ട്. പുതുതായി സൃഷ്ടിച്ചിട്ടുള്ള ഒരു ചീഫ് എഞ്ചിനീയർ തസ്തിക താല്ക്കാലികമായതിനാലും, ഭാവിയിൽ ഒഴിവു വരുന്ന തസ്തികയിൽ തട്ടിക്കിഴിക്കുമെന്നുള്ള വ്യവസ്ഥയുള്ളതു കൊണ്ടും, ഇക്കാര്യത്തിൽ സർക്കാർ അനുമതിയുടെ ആവശ്യമില്ല.

(ഡി) ഇത്തരത്തിൽ ഒരു ശുപാർശ നൽകിയിട്ടില്ല. എന്നാൽ ആർ.ഇ.സി.യുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തു നടപ്പിലാക്കുന്ന പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്ന ജോലികളായ പുതിയ 110 കെ.വി. സബ്സ്റ്റേഷനുകളുടേയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

ശേഷി ഉയർത്തൽ, പുതിയ 33 കെ.വി.സബ്സ്റ്റേഷനുകളുടെ നിർമ്മാണം എന്നിവ സമയബന്ധിതമായി രണ്ട് വർഷത്തിനുള്ളിൽ ചെയ്തു തീർക്കേണ്ടതായുണ്ട്. ഇവ ബോർഡ് നേരിട്ട് ചെയ്യുന്നതിലേയ്ക്കായി വേണ്ടിവരുന്ന പുതിയ തസ്തികകളെ സംബന്ധിച്ച നിർദ്ദേശമാണ് 15-3-1999-ൽ ചീഫ് എഞ്ചിനീയർ നൽകിയത്.

(ഇ) കെ.എസ്.ഇ.ബി.യുടെ ധനകാര്യ മെമ്പർ ഈ നിർദ്ദേശം നിരസിക്കുകയല്ല ഉണ്ടായത്. മറിച്ച് പ്രസ്തുത ജോലികൾ ബോർഡ് നേരിട്ടു ചെയ്യുന്നതിനു പകരം ടേൺ-കീ അടിസ്ഥാനത്തിൽ ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ ഫലമായി, ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം ഭാഗികമായി അംഗീകരിച്ച് പുതിയ രണ്ട് ട്രാൻസ്മിഷൻ കൺസ്ട്രക്ഷൻ സർക്കിളുകൾ രണ്ട് വർഷക്കാലത്തേയ്ക്ക് അനുവദിക്കുകയാണുണ്ടായത്.

(എഫ്) പുതിയ നിർദ്ദേശങ്ങളൊന്നും ബോർഡിന്റെ പരിഗണനയിലില്ല. ട്രാൻസ്മിഷൻ വിഭാഗത്തിൽ ചെയ്യേണ്ട ജോലികൾക്ക് ആവശ്യമായ തസ്തികകൾ സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കുന്നതിന് ആ ജോലി സംബന്ധിച്ച നിർദ്ദേശം ബോർഡിന് സമർപ്പിക്കുന്ന ചീഫ് എഞ്ചിനീയർക്ക് അധികാരമുണ്ട്. ഇലക്ട്രിക്കൽ എന്നല്ല, സംസ്ഥാന വിദ്യുച്ഛക്തി ബോർഡിലെ മൊത്തം വിഭാഗം ജീവനക്കാരുടെയും ജോലിഭാരം സംബന്ധിച്ച് ഒരു വർക്ക്സ്റ്റഡി നടത്തി ആവശ്യമായ തസ്തികകൾ അനുവദിക്കുകയും ആവശ്യമില്ലാത്തവ നിർത്തലാക്കുകയും ചെയ്യുക എന്നുള്ളതാണ് ബോർഡിന്റെയും സർക്കാരിന്റെയും നിലപാട്.

— **കെ.എസ്.ഇ.ബി.യിലെ വരുമാനവും ചെലവും**

105 (212) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-92 സാമ്പത്തിക വർഷം മുതൽ ഇതേവരെ കെ.എസ്.ഇ.ബോർഡിൽ ഓരോ വർഷവും എത്ര കോടി രൂപയുടെ വരുമാനം ഉണ്ടായി എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എത്ര കോടി രൂപയുടെ ചെലവുണ്ടായി ;

(സി) കെ.എസ്.ഇ.ബി.ക്ക് ഇപ്പോൾ എത്ര കോടി രൂപയുടെ കടബാദ്ധ്യതയുണ്ട് ;

(ഡി) ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് കെ.എസ്.ഇ.ബി.വായ്പ എടുത്തിട്ടുള്ളത് ;

(ഇ) ഓരോ ധനകാര്യ സ്ഥാപനങ്ങൾക്കും മുതലും പലിശയും ഇനത്തിൽ ഓരോ മാസവും എത്ര കോടി രൂപ തിരിച്ചടക്കേണ്ടതായിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly